ലേഖനം ●

അബ്ദുല്ല നദ്‌വി കുറ്റൂർ

# വ്യക്തിത്വ വികാസത്തിന്റെ അടിത്തറകൾ

> **സ്വയം തീരുമാനമെടുക്കാൻ ശേഷിയില്ലാത്തവരാണ് അനുകരണത്തിന്റെ പിടിയിൽ പെടുന്നത്. അവർ തങ്ങളുടെ കണ്ണുകൾ കൊണ്ടല്ല, അന്യരുടെ കണ്ണുകൾ കൊണ്ടാണ് കാണുന്നത്. സ്വന്തം മസ്തിഷ്കം കൊണ്ടല്ല, മറ്റുള്ളവരുടെ മസ്തിഷ്കം കൊണ്ടാണ് ചിന്തിക്കുന്നത്.**

**വ്യക്തിത്വ** വികാസം യാദൃഛികമായി സംഭവിക്കുന്നതല്ല. വിധിവശാൽ വന്നുചേരുന്നതുമല്ല. മനുഷ്യന്റെ സ്വത്വനിർമിതിയുമായും സംസ്കരണ പ്രക്രിയയുമായും അത് അഭേദ്യമായി ബന്ധപ്പെട്ടു കിടക്കുന്നു. വ്യക്തിത്വ വികാസത്തിന് അനിവാര്യമായ ചില ഉപാധികളാണ് ഈ ലേഖനത്തിൽ വിവരിക്കുന്നത്.

## ഇഛാശക്തി

വ്യക്തിത്വത്തിൽ പ്രതിഫലിക്കേണ്ട സുപ്രധാന ഗുണമാണ് ഇഛാശക്തിയും ഉറച്ചുനിൽക്കാനുള്ള തന്റേടവും. ഇടക്കിടെ തീരുമാനം മാറ്റിക്കൊണ്ടിരിക്കുന്നത് ചാപല്യത്തെക്കുറിക്കുന്നു. അചഞ്ചലമായ നിശ്ചയദാർഢ്യത്തിന്റെ ഉദാഹരണം പ്രവാചകന്റെ ഒരു വചനത്തിൽ കാണാം: “നിങ്ങൾ എന്റെ ഒരു കൈയിൽ ചന്ദ്രനെയും മറുകൈയിൽ സൂര്യനെയും വെച്ചു തന്നാൽ പോലും ഞാൻ എന്റെ ദൗത്യത്തിൽനിന്ന് പിന്മാറുന്ന പ്രശ്നമേയില്ല.” ഹസ്രത്ത് അബൂബക്കറും(റ) നിശ്ചയ ദാർഢ്യത്തിന്റെ മാതൃകയായിരുന്നു. തന്റെ മകൻ ഇസ്‌ലാം സ്വീകരിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: “മകനേ! നീ അവിശ്വാസത്തിന്റെയും അധർമത്തിന്റെയും ചുഴിയിലായിരുന്നു. അന്ന് നീ എന്റെ വാളിന്റെ മുമ്പിൽ വന്നിരുന്നെങ്കിൽ നിന്നെയും ഞാൻ ഒഴിവാക്കുമായിരുന്നില്ല.” സകാത്ത് വിരോധികൾക്കു നേരെ അദ്ദേഹം എടുത്ത ധീരമായ നടപടി നിശ്ചയദാർഢ്യത്തിന്റെ ഒന്നാന്തരം ഉദാഹരണമാണ്. പതറുന്ന, ചഞ്ചലമായ ദുർബല മനസ്സിനെ മീർസാ ഗാലിബ് ചിത്രീകരിക്കുന്നത് കാണുക: “രാത്രി മുഴുവൻ മദ്യപാനത്തിൽ കൂത്താടിക്കഴിഞ്ഞു. വിഭാതത്തിൽ പശ്ചാത്തപിക്കുകയും ചെയ്തു. തെമ്മാടികളിൽ തെമ്മാടിയായി ജീവിച്ചു. ഈമാൻ (വിശ്വാസം) കൈവെടിഞ്ഞതുമില്ല.”

കൂടെ കൂടെ അഭിപ്രായം മാറ്റുന്ന, ഉറച്ച തീരുമാനമില്ലാത്ത ആളുകൾക്ക് മുന്നോട്ട്പോക്ക് ദുഷ്കരമായിരിക്കും. സുഹൃത്തുക്കൾ എങ്ങോട്ട് ചലിക്കുന്നുവോ, അല്ലെങ്കിൽ ലോകം ഏത് ഭാഗത്തേക്ക് ചലിക്കുന്നുവോ അതേ ദിശയിലേക്ക് ചലിക്കുന്ന ചിലരെ നാം കാണാറുണ്ട്. അവർ യഥാർഥത്തിൽ ജീവിതത്തിൽ സ്വന്തമായി അഭിപ്രായമില്ലാത്തവരാണ്. മറ്റുള്ളവരാണ് ഇവരുടെ ജീവിതത്തിന്റെ ദിശ തീരുമാനിക്കുന്നത്.

സ്വയം തീരുമാനമെടുത്ത് മുന്നോട്ടു പോവുക എന്ന ദൗത്യമാണ് നമുക്ക് നിർവഹിക്കാനുള്ളത്. എങ്ങോട്ടു പോകണം, എന്തു ചെയ്യണം, ഏത് ലക്ഷ്യത്തിൽ എത്തണം എന്നിവയെല്ലാം നാം സ്വയം തീരുമാനിച്ചേ മതിയാകൂ. “അവൻ (ദൈവം) ജീവിതവും മരണവും സൃഷ്ടിച്ചു. നിങ്ങളിൽ കൂടുതൽ സൽക്കർമം അനുഷ്ഠിക്കുന്നവർ ആരാണെന്ന് നിങ്ങളെ പരീക്ഷിക്കാൻ വേണ്ടി” (*അൽമുൽക്*).

സാഹചര്യങ്ങൾ തകിടം മറിഞ്ഞാലും നമ്മുടെ തീരുമാനങ്ങൾ മാറരുത്. നമ്മുടെ വൈയക്തിക താൽപര്യങ്ങളും അഭിരുചികളും ജീവിതത്തിന്റെ മുന്നോട്ടുള്ള ഗമനത്തിൽ തടസ്സം സൃഷ്ടിക്കരുത്. സുഹൃത്തുക്കളും കൂട്ടുകാരും കുടുംബങ്ങളുമല്ല നമ്മുടെ തീരുമാനം നിശ്ചയിക്കേണ്ടത്.

ഹസ്രത്ത് യൂസുഫ് നബിയുടെ ജീവിതം കാണുക. പിതാവിന്റെ വാത്സല്യത്തിൽ വളർന്ന്, പൊട്ടക്കിണറ്റിൽ എറിയപ്പെട്ട്, അവിടെ നിന്ന് കൊട്ടാരത്തിന്റെ വർണാഭമായ ലോകത്ത് അദ്ദേഹം എത്തിച്ചേർന്നു. പിന്നീട് ജയിലിൽ കഴിയേണ്ടിവരുന്നു. തുടർന്ന് അധികാരസ്ഥാനങ്ങളിൽ ഉപവിഷ്ടനാകുന്നു. ഈജിപ്തിലെ പ്രഭിയുടെ പ്രലോഭനങ്ങളിൽ നിന്ന് രക്ഷപ്പെട്ടപ്പോൾ അദ്ദേഹം അല്ലാഹുവിന്റെ മാഹാത്മ്യം പ്രകീർത്തിക്കുകയായിരുന്നു. ജയിലിലായിരുന്നപ്പോഴും അധികാരം ലഭിച്ചപ്പോഴും സ്രഷ്ടാവിന്റെ മാഹാത്മ്യം വാഴ്ത്തൽ തുടർന്നു. സാഹചര്യങ്ങൾ മാറുന്നതിനനുസരിച്ച് മാറ്റാവുന്നതല്ല തീരുമാനങ്ങൾ എന്ന

സന്ദേശമാണ് ഇത് നൽകുന്നത്. സന്തോഷത്തിലും സന്താപത്തിലും ഉയർച്ചയിലും താഴ്ച്ചയിലും അല്ലാഹുവിന് സ്തോത്രം നേരുന്ന മഹത്തായ ജീവിതം അദ്ദേഹം കാഴ്ചവെച്ചു.

സ്വയം തീരുമാനമെടുക്കാൻ ശേഷിയില്ലാത്തവരാണ് അനുകരണത്തിന്റെ പിടിയിൽ പെടുന്നത്. അവർ തങ്ങളുടെ കണ്ണുകൾ കൊണ്ടല്ല, അന്യരുടെ കണ്ണുകൾ കൊണ്ടാണ് കാണുന്നത്. സ്വന്തം മസ്തിഷ്കം കൊണ്ടല്ല, മറ്റുള്ളവരുടെ മസ്തിഷ്കം കൊണ്ടാണ് ചിന്തിക്കുന്നത്.

തീരുമാനമെടുക്കാൻ കഴിവുള്ളർക്കേ ജീവിതം മുന്നോട്ട് നയിക്കാനും കഴിയൂ. ഈ തീരുമാനം സ്വന്തത്തിനോ കുടുംബത്തിനോ സമൂഹത്തിനോ രാജ്യത്തിനോ വേണ്ടി ആകാവുന്നതാണ്. കച്ചവടത്തിൽ നാം എടുക്കുന്ന തീരുമാനങ്ങൾ അതിന്റെ വിജയത്തിൽ നിർണായക പങ്ക് വഹിക്കുന്നുണ്ടല്ലോ. യുക്തമായ തീരുമാനം വിജയത്തിലും, യുക്തിദീക്ഷയില്ലാത്ത തീരുമാനം നഷ്ടത്തിലും കലാശിക്കുന്നു. വൻ വിജയങ്ങൾക്ക് നല്ല മുന്നൊരുക്കങ്ങൾ ഉണ്ടായിരിക്കും. സ്ഥായിയായ വിജയത്തിന് പിന്നിൽ ദൃഢനിശ്ചയവും കാണാം.

ഉഹുദ് യുദ്ധവേളയിൽ അല്ലാഹു പ്രവാചകന് ഇങ്ങനെ നിർദേശം നൽകിയിട്ടുണ്ടായിരുന്നു: "അനുചരന്മാരുമായി കൂടിയാലോചിക്കുക, ആലോചനയിലൂടെ ഒരു കാര്യത്തിൽ തീരുമാനത്തിലെത്തിയാൽ അതിൽ ഉറച്ചുനിൽക്കുക, അല്ലാഹുവിൽ ഭരമേൽപിക്കുകയും ചെയ്യുക" (ഖുർആൻ).

## അല്ലാഹുവിൽ ഭരമേൽപിക്കൽ

മാറിവരുന്ന ലോകത്ത് ആത്മഹത്യാ പ്രവണത കൂടിവരികയാണ്. പരീക്ഷാഫല പ്രഖ്യാപന കാലത്ത് വിദ്യാർഥികൾക്കിടയിൽ ഭീതിജനകമാംവിധം ആത്മഹത്യ വർധിക്കുന്നു. ഇതിനുള്ള പരിഹാരം, ജീവിതത്തിന്റെ മൂല്യത്തെയും അല്ലാഹുവിന്റെ അപാരമായ കഴിവിനെയും കുറിച്ച് അവബോധം ജനിപ്പിക്കുക എന്നതാണ്. അല്ലാഹുവിലുള്ള അചഞ്ചലമായ വിശ്വാസവും അർപ്പണബോധവും മനസ്സുകൾക്ക് ആത്മധൈര്യം നൽകും.

ഒരാൾ രോഗിയാകുമ്പോൾ മരുന്നുകളിലും മെഡിക്കൽ റിപ്പോർട്ടുകളിലും വിശ്വാസമർപ്പിക്കാറുണ്ട്. അതിലുപരിയായി വിശ്വാസമർപ്പിക്കേണ്ടത് അല്ലാഹുവിലാണെന്ന വസ്തുത അയാൾ വിസ്മരിക്കുകയാണ്. വൈദ്യശാസ്ത്രത്തെ വിസ്മയിപ്പിക്കുന്ന പല സംഭവങ്ങൾക്കും ചരിത്രം സാക്ഷിയായിട്ടുണ്ട്. വന്ധ്യയായ ഭാര്യക്കും വയോവൃദ്ധനായ ഭർത്താവിനും ഇസ്മാഈൽ, ഇസ്ഹാഖ് എന്നീ സന്താനങ്ങളെ അല്ലാഹു നൽകിയത് വൈദ്യശാസ്ത്രത്തെ വിസ്മയിപ്പിക്കുന്നതാണല്ലോ. വാർധക്യത്താൽ സന്ധികൾക്ക് വരെ തേയ്മാനവും ക്ഷതവും സംഭവിച്ച ഹസ്രത്ത് സകരിയ്യ(റ)യുടെ പ്രാർഥനയുടെ ഫലമായി യഹ്‌യാ എന്ന കുഞ്ഞിന് അല്ലാഹു ജന്മം നൽകിയതും ചരിത്ര സംഭവമാണ്.

ഔഷധങ്ങളുടെ ഫലപ്രാപ്തിക്ക് അതിന്റേതായ പരിധികളുണ്ട്. നമ്മുടെ ബുദ്ധിക്കും അതിന്റേതായ പരിമിതികളുണ്ട്. മനുഷ്യന്റെ കഴിവുകളും കണ്ടുപിടുത്തങ്ങളും പരാജയപ്പെടുന്ന സന്ദർഭങ്ങളിൽ, പ്രകൃതി നിയമങ്ങളെ മറികടന്ന് അല്ലാഹുവിന്റെ കഴിവുകൾ പ്രവർത്തനക്ഷമമാകുന്നു. ഓരോ വസ്തുവും അതിന്റെ പരിമിതമായ മേഖലയിലാണ് പ്രവർത്തനക്ഷമമാകുന്നത്. എന്നാൽ അല്ലാഹുവിന്റെ കഴിവിന് പരിധിയില്ല. എങ്കിൽ, അല്ലാഹുവിൽ പൂർണമായി ആരെങ്കിലും വിശ്വാസമർപ്പിക്കുന്നുവെങ്കിൽ, ഒരു മാനസിക രോഗവും മനോവ്യഥയും വിഭ്രാന്തിയും അയാളെ ബാധിക്കുകയില്ലെന്ന് തീർച്ച.

## ശുഭപ്രതീക്ഷ

വ്യക്തിത്വം പൂർണമാവണമെങ്കിൽ അനിവാര്യമായും ഉണ്ടാകേണ്ട ഗുണമാണ് ശുഭപ്രതീക്ഷ. ശുഭപ്രതീക്ഷയോടെ ഒരു ലക്ഷ്യത്തിലേക്ക് കാലെടുത്ത് വെച്ചാൽ ആ ലക്ഷ്യം നേടുക തന്നെയായിരിക്കും അതിന്റെ സ്വാഭാവിക ഫലം. ഈ കാൽവെപ്പാണ് പ്രധാനം. നമ്മുടെ ഭാഗധേയത്തിൽ വിജയം വിധിച്ചിട്ടുണ്ടോ ഇല്ലേ എന്ന മറുചിന്ത ഇവിടെ പ്രസക്തമേയല്ല. അലസന്മാരും മടയന്മാരും ഇങ്ങനെ വിധിയെ പഴിചാരി കഴിയുന്നവരാണ്. ജീവിതം മുഴുവൻ ഇവർ പിന്നോട്ടടിക്കുകയല്ലാതെ ഒരടി പോലും മുന്നോട്ട് നടക്കുകയില്ല. പ്രതീക്ഷാനിർഭരമായ ഹൃദയത്തോടെ ഓരോരോ ലക്ഷ്യസ്ഥാനങ്ങൾ താണ്ടുമ്പോഴും അവന്റെ മനസ്സ് അവനോട് പറയുന്നുണ്ടാകും 'മുന്നേറൂ, ഇനിയുമപ്പുറമാണ് നിന്റെ യഥാർഥ ലക്ഷ്യസ്ഥാനം'.

മറിച്ച് ഭയാശങ്കകളോടെ മുന്നേറുന്ന വ്യക്തിക്ക് ഓരോ സ്ഥലങ്ങളും ദുർഘടമായി അനുഭവപ്പെടുന്നു. അവൻ മുന്നോട്ടു ചലിക്കാൻ ഭയപ്പെടുന്നു. പ്രതീക്ഷാ നിർഭരമായ മനസ്സിന്റെ ഉടമക്ക് ഓരോ കൊടുമുടിയും ആവേശദായകമാണ്. അതെല്ലാം തന്റെ സാഹസിക യാത്രയുടെ ലക്ഷ്യവേദിയാണ്. ആശങ്കകളോടെ എല്ലാം കാണുന്നവർക്ക് പ്രപഞ്ചത്തിന്റെ നാനാഭാഗത്തും നിരാശയും നിഷ്ക്രിയത്വവും പ്രതിബന്ധങ്ങളും മാത്രമേ കാണാനാവൂ. പ്രതീക്ഷാനിർഭരമാണ് നിങ്ങളുടെ മനസ്സെങ്കിൽ, എല്ലായിടത്തും അവസരങ്ങളും വിജയ സാധ്യതകളും മാത്രമേ നിങ്ങൾ കാണൂ. ആശങ്കകളോടെ നോക്കുന്നവരുടെ, ഭാവി ഇരുളടഞ്ഞതായി കാണപ്പെടുന്നു; പ്രതീക്ഷയോടെ വീക്ഷിക്കുന്നവരുടേത് പ്രകാശമാനമായും. ആശങ്കകളുടെ ദൃഷ്ടി പരാജയത്തിന്റെ ദൃഷ്ടിയാണ്. പ്രതീക്ഷയുടെ ദൃഷ്ടി വിജയത്തിന്റെയും.

**ആശങ്കകളോടെ എല്ലാം കാണുന്നവർക്ക് പ്രപഞ്ചത്തിന്റെ നാനാഭാഗത്തും നിരാശയും നിഷ്ക്രിയത്വവും പ്രതിബന്ധങ്ങളും മാത്രമേ കാണാനാവൂ. പ്രതീക്ഷാനിർഭരമാണ് നിങ്ങളുടെ മനസ്സെങ്കിൽ, എല്ലായിടത്തും അവസരങ്ങളും വിജയ സാധ്യതകളും മാത്രമേ നിങ്ങൾ കാണൂ. ആശങ്കകളോടെ നോക്കുന്നവരുടെ, ഭാവി ഇരുളടഞ്ഞതായി കാണപ്പെടുന്നു; പ്രതീക്ഷയോടെ വീക്ഷിക്കുന്നവരുടേത് പ്രകാശമാനമായും.**

നമ്മുടെ കാഴ്ച പ്രതീക്ഷകളാൽ നിർഭരമായിരിക്കണം; ആശങ്കകൾ നിറഞ്ഞതാവരുത്. നാം ഏതു പാതയിലൂടെ ചലിക്കുമ്പോഴും പ്രതീക്ഷ കൈവെടിയാതിരിക്കുക. ഏതൊരു കർമം ചെയ്യുമ്പോഴും, ഇത് ഇഹപര വിജയത്തിന്റെ നിദാനമാണെന്ന ശുഭാപ്തി വിശ്വാസം ഉണ്ടാവണം. അതില്ലെങ്കിൽ ആ പാതയും കർമവും ഉപേക്ഷിക്കുന്നതാണ് നല്ലത്. നാം ഏതൊരു സംഘടനയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നുവോ അത് നമ്മെ സ്വർഗത്തിലേക്ക് നയിക്കുന്നതാണെന്ന വിശ്വാസം നമുക്കുണ്ടായിരിക്കണം. അത് അല്ലാഹുവിന്റെ തൃപ്തിയുടെ മാർഗമാണെന്നും വിജയത്തിന്റെ നിദാനമാണെന്നും വിശ്വസിച്ചുറപ്പിച്ച് ആവേശത്തോടെ, ഊർജസ്വലതയോടെ കർമനിരതരാവണം. ആശങ്കകൾ ഉപേക്ഷിക്കുക. കാരണം നമ്മുടേത് പ്രപഞ്ചനാഥൻ നിർദേശിച്ച മാർഗമാണെങ്കിൽ, പിന്നെ എന്തിന് നാം ചകിതരാവണം? ദൈവം നമ്മോടൊപ്പമുണ്ടെങ്കിൽ ഏതൊരു ശക്തിയാണ് നമ്മുടെ മുമ്പിൽ പ്രതിബന്ധമായി നിൽക്കുക. ■

(അവലംബം: *റഫീഖെ മൻസിൽ*, ന്യൂദൽഹി)